**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1608** **11-09-2023 - ൽ മറുപടിയ്ക്ക്**

**കടുത്തുരുത്തി മണ്ഡലത്തിലെ റെയിൽവേ മേൽപ്പാലങ്ങളുടെ സ്ഥലമെടുപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ റെയിൽവേ മേൽപ്പാലങ്ങളായ കടുത്തുരുത്തി, കുറുപ്പന്തറ, കോതനല്ലൂർ മേൽപ്പാലങ്ങളുടെ സ്ഥലമെടുപ്പ് പുരോഗതി വിശദീകരിക്കാമോ; | (എ) | <u>കടുത്തുരുത്തി റെയിൽവേ മേൽപ്പാലം</u><br><br>കടുത്തുരുത്തി റെയിൽവേ മേൽപ്പാല നിർമ്മാണത്തിനു വേണ്ടി ഭൂമിയേറ്റെടുക്കുന്നതിലേക്കായി SIA പഠനം നടത്തുന്നതിന് കേരള വോളണ്ടറി ഹെൽത്ത് സർവ്വീസസ്-നെ നിയമിച്ച് 05.07.2023-ൽ 4(1) വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുള്ളതും കരട് റിപ്പോർട്ടിന്മേൽ 14/08/2023 -ന് പൊതു അഭിപ്രായ സ്വീകരണ യോഗം ചേരുന്നതിന് തീരുമാനിച്ചിട്ടുള്ളതുമാണ്.<br><br><u>കുറുപ്പന്തറ റെയിൽവേ മേൽപ്പാലം</u><br><br>കുറുപ്പന്തറ റെയിൽവേ മേൽപ്പാല നിർമ്മാണത്തിനു വേണ്ടി ഭൂമിയേറ്റെടുക്കുന്നതിലേക്കായി ആകെയുള്ള 68 എൽ എ കേസുകളിൽ 61 എണ്ണത്തിൽ അവാർഡ് പാസ്സാക്കിയിട്ടുള്ളതാണ്. അഡിഷണൽ റിക്വിസിഷനിൽ ഉൾപ്പെട്ടു വരുന്ന ഭൂമിയേറ്റെടുക്കുന്നതിലേക്കായി ബി വി ആർ അംഗീകരിച്ചിട്ടുള്ളതാണ്. ബഹു ഹൈക്കോടതിയിൽ WP (C) 18680/2021 നമ്പർ കേസിൽ സ്റ്റേ നിലനിൽക്കുന്നതിനാൽ തുടർനടപടികൾ തടസ്സപ്പെട്ടിരിക്കുകയാണ്.<br><br><u>കോതനല്ലൂർ റെയിൽവേ മേൽപ്പാലം</u><br><br>കോതനല്ലൂർ റെയിൽവേ മേൽപ്പാല നിർമ്മാണത്തിനു വേണ്ടി ഭൂമി ഏറ്റെടുക്കുന്നതിലേക്കായി LARR Act 2013 പ്രകാരം 11(1) വിജ്ഞാപനം 13.03.2023 ന് പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. പ്രസ്തുത പദ്ധതിയുടെ ഭൂമിയേറ്റെടുക്കലുമായി ബന്ധപ്പെട്ട് സർവ്വെ ചെയ്ത കോതനല്ലൂർ വില്ലേജിലെ ബ്ലോക്ക് നമ്പർ 35-സർവ്വെ നമ്പർ 49, 314, 327 എന്നിവയുടെ സർവ്വെ സബ് |

| | | | |
|---|---|---|---|
| | | | ഡിവിഷൻ സ്കെച്ചുകൾ ജില്ലാ സർവ്വെ സൂപ്രണ്ട് അംഗീകരിച്ചിട്ടുള്ളതാണ്. LARR ACT 2013 പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത മേൽപ്പാലങ്ങൾക്ക് എന്തുമാത്രം സ്ഥലമാണ് ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നത്; ആയതിന് എത്ര തുക ചെലവാകുമെന്ന് വ്യക്തമാക്കാമോ; | (ബി) | <u>കടുത്തുരുത്തി റെയിൽവേ മേൽപ്പാലം</u><br><br>കടുത്തുരുത്തി റെയിൽവേ മേൽപ്പാല നിർമ്മാണത്തിനു വേണ്ടി 0.5501 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കുന്നത്. നിലവിൽ SIA പഠനമാണ് നടന്നു വരുന്നത്. LARR Act 2013 പ്രകാരം അടിസ്ഥാന വില നിർണ്ണയ റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ലാത്തതിനാൽ കൃത്യമായി തുക നിർണ്ണയിച്ചിട്ടില്ല.<br><br><u>കുറുപ്പന്തറ റെയിൽവേ മേൽപ്പാലം</u><br><br>കുറുപ്പന്തറ റെയിൽവേ മേൽപ്പാല നിർമ്മാണത്തിനു വേണ്ടി 0.2922 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കുന്നത്. പ്രസ്തുത ഭൂമിയേറ്റെടുക്കൽ നടപടികൾക്കായി ഏകദേശം 8,73,75,388/-രൂപ ആവശ്യമായി വരുന്നതാണ്.<br><br><u>കോതനല്ലൂർ റെയിൽവേ മേൽപ്പാലം</u><br><br>കോതനല്ലൂർ റെയിൽവേ മേൽപ്പാല നിർമ്മാണത്തിനു വേണ്ടി 0.5284 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കുന്നത്. പ്രസ്തുത ഭൂമിയേറ്റെടുക്കൽ നടപടികൾക്കായി ഏകദേശം 5,22,44,028/- രൂപ ആവശ്യമായി വരുന്നതാണ്. |
| (സി) | പ്രസ്തുത മേൽപ്പാലങ്ങളുടെ സ്ഥലമെടുപ്പ് നടപടിക്ക് റെയിൽവേയുടെ അനുമതി ലഭിച്ചിട്ടുണ്ടോ; ആയതിന്റെ സാമൂഹ്യ ആഘാത പഠനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (സി) | <u>കടുത്തുരുത്തി റെയിൽവേ മേൽപ്പാലം</u><br><br>കടുത്തുരുത്തി റെയിൽവേ മേൽപ്പാല നിർമ്മാണത്തിനായി ജി.എ.ഡി യ്ക്ക് റെയിൽവെയിൽ നിന്നും അനുമതി ലഭിച്ചിട്ടുണ്ട്. ഭൂമിയേറ്റെടുക്കുന്നതിലേക്കായി SIA പഠനം നടത്തുന്നതിന് കേരള വോളണ്ടറി ഹെൽത്ത് സർവ്വീസസ് എന്ന ഏജൻസിയെ നിയമിച്ച് 05.07.2023 ൽ 4(1) വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതും കരട് റിപ്പോർട്ടിന്മേൽ 14/08/2023-ന് പൊതു അഭിപ്രായ സ്വീകരണ യോഗം ചേരുന്നതിന് തീരുമാനിച്ചിട്ടുള്ളതുമാണ്.<br><br><u>കുറുപ്പന്തറ റെയിൽവേ മേൽപ്പാലം</u><br><br>കുറുപ്പന്തറ റെയിൽവേ മേൽപ്പാല നിർമ്മാണത്തിനായി ജി എ ഡി യ്ക്ക് റെയിൽവെയിൽ നിന്നും അനുമതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കു വേണ്ടി സാമൂഹികാഘാത പഠന ഏജൻസിയായ |

| | | | |
|---|---|---|---|
| | | | അനിത സി ചാക്കോ, മണവത്ത് കരോട്ട്, നീറിക്കാട് പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്.<br><br><u>കോതനല്ലൂർ റെയിൽവേ മേൽപ്പാലം</u><br><br>കോതനല്ലൂർ റെയിൽവേ മേൽപ്പാല നിർമ്മാണത്തിനായി റെയിൽവെയിൽ നിന്നും അനുമതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയ്ക്ക് വേണ്ടി ഭൂമിയേറ്റെടുക്കുന്നതിലേക്കായി SIA പഠനം കേരള വോളണ്ടറി ഹെൽത്ത് സർവ്വീസസ് എന്ന ഏജൻസി നടത്തിയിട്ടുള്ളതും റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതുമാണ്. |
| (ഡി) | ഈ പദ്ധതികൾ മൂലം എത്ര കുടുംബങ്ങൾ കുടിയൊഴിപ്പിക്കപ്പെടുമെന്ന് വ്യക്തമാക്കാമോ; സ്ഥലമെടുപ്പിന്റെ കല്ലിടൽ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (ഡി) | <u>കടുത്തുരുത്തി റെയിൽവേ മേൽപ്പാലം</u><br><br>കടുത്തുരുത്തി റെയിൽവേ മേൽപ്പാല നിർമ്മാണത്തിനായി ഭൂമിയേറ്റെടുക്കുമ്പോൾ ഒരു കുടുംബം പൂർണ്ണമായും കുടിയൊഴിപ്പിക്കപ്പെടും. പ്രസ്തുത പദ്ധതിക്കു വേണ്ടിയുള്ള കല്ലിടീൽ നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതാണ്.<br><br><u>കുറുപ്പന്തറ റെയിൽവേ മേൽപ്പാലം</u><br><br>കുറുപ്പന്തറ റെയിൽവേ മേൽപ്പാല നിർമ്മാണത്തിനായി ഭൂമിയേറ്റെടുക്കുന്നത് മൂലം രണ്ട് കുടുംബങ്ങൾക്ക് വീടുകൾ നഷ്ടപ്പെടുന്നതാണ്. പ്രസ്തുത പദ്ധതിക്കു വേണ്ടിയുള്ള കല്ലിടീൽ നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതാണ്.<br><br><u>കോതനല്ലൂർ റെയിൽവേ മേൽപ്പാലം</u><br><br>കോതനല്ലൂർ റെയിൽവേ മേൽപ്പാല നിർമ്മാണത്തിനായി ഭൂമിയേറ്റെടുക്കുന്നത് മൂലം ഒരു തരത്തിലുള്ള കുടിയൊഴിപ്പിക്കലുമുണ്ടാകുന്നില്ല. പ്രസ്തുത പദ്ധതിക്കു വേണ്ടിയുള്ള കല്ലിടീൽ നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതാണ്. |
| (ഇ) | ഈ പദ്ധതികൾ ഓരോന്നിനുമായി പുറപ്പെടുവിച്ച നോട്ടിഫിക്കേഷനുകൾ ഏതെല്ലാമാണെന്ന് പ്രോജക്ട് തിരിച്ച് വിശദീകരിക്കാമോ; ഇവയുടെ അന്തിമ നോട്ടിഫിക്കേഷനുകൾ വൈകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ? | (ഇ) | <u>കടുത്തുരുത്തി റെയിൽവേ മേൽപ്പാലം</u><br><br>കടുത്തുരുത്തി റെയിൽവേ മേൽപ്പാല നിർമ്മാണത്തിനായി ഭൂമിയേറ്റെടുക്കുന്നതിലേക്കായി 4(1) നോട്ടീഫിക്കേഷൻ 05/07/2023-ന് പ്രസിദ്ധീകരിച്ചിട്ടുണ്ട്. സാമൂഹികാഘാത പഠന അന്തിമ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് LARR Act പ്രകാരം തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.<br><br><u>കുറുപ്പന്തറ റെയിൽവേ മേൽപ്പാലം</u><br><br>LARR Act 2013 പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള നോട്ടിഫിക്കേഷനുകൾ ചുവടെ ചേർക്കുന്നു.<br><br>1. 4(1) നോട്ടിഫിക്കേഷൻ-20/05/2019 |

| | | | |
|---|---|---|---|
| | | | 2. 11 (1) നോട്ടിഫിക്കേഷൻ - 16/07/2020<br><br>3. 11 (1) അനുബന്ധ വിജ്ഞാപനം - 15/04/2021<br><br>4. 19(1) പ്രഖ്യാപനം - 14/07/2022<br><br>WP(C) 18680/2021 നമ്പർ കേസിൽ സ്റ്റേ നിലനിൽക്കുന്നതിനാൽ തുടർനടപടികൾ തടസ്സപ്പെട്ടിരിക്കുകയാണ്.<br><br><u>കോതനെല്ലൂർ റെയിൽവേ മേൽപ്പാലം</u><br><br>LARR Act 2013 പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള നോട്ടിഫിക്കേഷനുകൾ ചുവടെ ചേർക്കുന്നു.<br><br>1. 4(1) നോട്ടിഫിക്കേഷൻ-15/07/2022<br><br>2. 11 (1) നോട്ടിഫിക്കേഷൻ -13/03/2023<br><br>സർവ്വെ നടപടികൾ പൂർത്തീകരിച്ച് തുടർനടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ